പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4109

21-07-2015 ൽ
മറുപടിയ്ക്ക്

## മലയാളം ടി.വി. സീരിയലുകൾ

ചോദ്യം

ശ്രീ. സാജു പോൾ

ഉത്തരം

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

(എ) മലയാളം ടി.വി. സീരിയലുകളുടെ നിലവാരം പരിശോധിക്കാൻ സംവിധാനം നിലവിലുണ്ടോ ; വിശദമാക്കാമോ ?

(എ) ടി.വി. സീരിയലുകളുടെ നിലവാരം പരിശോധിക്കാൻ നിലവിൽ സംവിധാനങ്ങൾ ഇല്ല. എന്നാൽ കേബിൾ ടി.വി. നെറ്റ് വർക്ക് റഗുലേഷൻ ആക്ട്, 1995 പ്രകാരം സംസ്ഥാന തലത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി നിലവിലുണ്ട്. പ്രക്ഷേപണം ചെയ്യുന്ന പരിപാടികളുടെ ഗുണനിലവാരം സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിലുപരി, ബ്രോഡ്കാസ്റ്റിംഗ് നിയമങ്ങൾ ലംഘിച്ചു കൊണ്ടുള്ള പരിപാടികളെക്കുറിച്ചുള്ള പരാതികൾ ശുപാർശ ചെയ്ത് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനാണ് ഈ സമിതിക്ക് അധികാരമുള്ളത്. സംപ്രേഷണം ചെയ്യപ്പെടുന്ന പരിപാടികളിന്മേലുള്ള പൂർണ്ണ നിയന്ത്രണം കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിൽ നിക്ഷിപ്തമാണ്.

സെക്ഷൻ ഓഫീസർ